# പത്രക്കുറിപ്പ്

## ട്രാഫിക് പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും പ്രവർത്തനങ്ങൾ സുതാര്യമാക്കുവാനുമായി CCTV ക്യാമറകൾ ഇനിമുതൽ ട്രാഫിക് സ്റ്റേഷനിൽ

തിരുവനന്തപുരം: സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിലെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവും സുരക്ഷിതവുമാക്കാനുമായി CCTV ക്യാമറകൾ സ്ഥാപിച്ചു. പൊതുജനങ്ങൾ ട്രാഫിക് പോലീസ് സ്റ്റേഷനിലേക്ക് കടന്നുവരുന്ന സ്ഥലം മുതൽ പോലീസ് ഉദ്യോഗസ്ഥരുമായി ഇടപഴകുന്നതും പുറത്ത് പോകുന്നത് വരെയുമുള്ള ദൃശ്യങ്ങൾ ഇനി മുതൽ CCTV ക്യാമറകൾ ഒപ്പിയെടുക്കും. പരാതിയുമായും മറ്റ് ഔദ്യോഗിക ആവശ്യങ്ങൾക്കുമായി പൊതുജനങ്ങൾ കൂടുതലായി വരുന്ന സെക്ടർ ഓഫീസുകളിലും ഹാളിലും ജി.ഡി ചാർജ്ജ്, ഡ്യൂട്ടി ഓഫീസർ തുടങ്ങിയ മറ്റ് ഓഫീസർമാരുടെ മുറികളിലുൾപ്പെടെ 16 അത്യാധുനിക സാങ്കേതിക വിദ്യയോട് കൂടിയ ക്യാമറകൾ സ്ഥാപിച്ചത്. ട്രാഫിക് പോലീസ് സ്റ്റേഷനുകളിലെ പോലീസുകാരുടെ മുഴുവൻ സമയ പ്രവർത്തനങ്ങളും ഇതിലൂടെ മേലധികാരികൾക്ക് വിലയിരുത്തുവാൻ സാധിക്കുമെന്ന് സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് അറിയിച്ചു.

CCTV ക്യാമറയുടെ ഉത്ഘാടനം സിറ്റി പോലീസ് കമ്മീഷണർ നിർവ്വഹിച്ചു. ട്രാഫിക് അസ്സി. കമ്മീഷണർ അനിൽകുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡി.സി.പി ജി. ജയദേവ്, ട്രാഫിക് അസ്സി. കമ്മീഷണർ സുൾഫിക്കർ, കേരള പോലീസ് ഓഫീസേഴ്സ് അസ്സോസ്സിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡി.കെ പ്രിഥ്വിരാജ്, ജില്ലാ സെക്രട്ടറി ആർ. അനിൽ കുമാർ, കേരള പോലീസ് അസ്സോസ്സിയേഷൻ സംസ്ഥാന പ്രസിഡന്റ് ബൈജു, ജില്ലാ സെക്രട്ടറി സെന്തിൽ എന്നിവർ പങ്കെടുത്തു. ചടങ്ങിൽ 2017 വർഷത്തിൽ ട്രാഫിക് മേഖലയിൽ മികച്ച സേവനം നടത്തിയ എസ്സ്.ഐ സുബിൻ തങ്കച്ചൻ, എ.എസ്സ്.ഐ മാരായ ജയകുമാർ, സുബ്രഹ്മണ്യം പോറ്റി, ചന്ദ്രൻ, അബ്ദുൾവഹാബ് സിവിൽ പോലീസ് ഓഫീസർമാരായ മനോജ്, ഹരീഷ്, രാജേഷ് എന്നിവവരെ സിറ്റി പോലീസ് കമ്മീഷണർ ആദരിച്ചു. തുടർന്ന് വിദ്യാർത്ഥികൾക്കായി ട്രാഫിക് ബോധവൽക്കരണ ക്യാംപും നടത്തുകയുണ്ടായി.

Office of the DIG & District Police Chief ★ Thiruvananthapuram City ★

District Police Chief
Thiruvananthapuram City